ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 29-01-2026**

## പ്രധാനവാർത്തകൾ

1. **രാജ്യത്തിൻറെ മൊത്ത ആഭ്യന്തര ഉത്പാദനം 7.4 ശതമാനത്തിലെത്തുമെന്ന് സാമ്പത്തിക സർവ്വെ റിപ്പോർട്ട്. കേന്ദ്രബജറ്റ് ഞായറാഴ്ച.**
2. **ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി സംസ്ഥാന ബജറ്റ് ധനമന്ത്രി കെ എൻ ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിച്ചു.**
3. **കാർഷിക അനുബന്ധ മേഖലയ്ക്ക് 2,071.95 കോടി രൂപയും ക്ഷേമ പെൻഷൻ നൽകുന്നതിനായി 14,580 കോടിയും ബജറ്റിൽ വകയിരുത്തി. മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതിക്ക് 3,720 കോടി രൂപയും അനുവദിച്ചു.**
4. **ആധുനിക വികസിത സംസ്ഥാനമായി കേരളത്തെ മാറ്റാനുള്ള ജനകീയ ബജറ്റാണ് സഭയിൽ ഇന്ന് അവതരിപ്പിച്ചതെന്ന് മുഖ്യമന്ത്രി ; ജനങ്ങളെ കബളിപ്പിക്കുന്ന പ്രഖ്യാപനങ്ങളാണ് ബജറ്റിലെന്ന് പ്രതിപക്ഷനേതാവ് ; വെറും വാഗ്ദാനങ്ങൾ മാത്രമെന്ന് ബി ജെ പി.**
5. **ലോക കേരള സഭയുടെ അഞ്ചാം സമ്മേളനത്തിന് തിരുവനന്തപുരത്ത് തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.**

RNU TVPM

6. **സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരളം ക്വാർട്ടർ ഫൈനലിൽ . ഇന്ത്യ-ന്യൂസിലാൻറ് അഞ്ചാം ടി–ട്വൻറി മത്സരം ശനിയാഴ്ച തിരുവനന്തപുരത്ത്.**

7. **സ്വർണവിലയിൽ വൻ വർദ്ധന. പവൻ വില 8,640 രൂപ കൂടി ഒരു ലക്ഷത്തി 31,160 രൂപയായി.**

☸☸☸☸☸☸☸☸☸☸☸☸

സാമ്പത്തിക സർവ്വെ (ഇൻട്രോ)

2025-26 ലെ സാമ്പത്തിക സർവേ കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയുടെ മേശപ്പുറത്ത് വച്ചു. ചോദ്യോത്തര വേളയ്ക്ക് ശേഷമാണ് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചത്. ഞായറാഴ്ചയാണ് കേന്ദ്ര ബജറ്റ്. വിശദാംശങ്ങളിലേക്ക്....

(voice)

രാജ്യത്തിൻറെ മൊത്ത ആഭ്യന്തര ഉത്പാദനം 7.4 ശതമാനത്തിലെത്തുമെന്ന് സാമ്പത്തിക സർവ്വെ റിപ്പോർട്ട്. 2027 സാമ്പത്തിക വർഷത്തെ വളർച്ച നിരക്ക് 6.8 നും 7.2 നും ഇടയിലായിരിക്കുമെന്ന് റിപ്പോർട്ടിൽ പറയുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇന്ത്യൻ സമ്പദ് ഘടന കരുത്ത് നിലനിർത്തിയിട്ടുണ്ട്. അനുകൂല കാലവസ്ഥയെ തുടർന്ന് കൃഷി അനുബന്ധ മേഖലകളിൽ 3.1 ശതമാനം വളർച്ചയാണ് കണക്കാക്കുന്നത്. 2025 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിലെ ശരാശരി പണപ്പെരുപ്പം 1.7 ശതമാനമായിരുന്നു. കന്നുകാലി പരിപാലന മേഖല ശക്തമായ വളർച്ച കൈവരിച്ചതായും മത്സ്യ ഉത്പാദനം 140 ശതമാനത്തിലധികം വർദ്ധിച്ചതായും സാമ്പത്തിക സർവ്വേയിൽ പരാമർശമുണ്ട്.
ന്യൂസ് ഡെസ്ക്, ആകാശവാണി.

☸☸☸☸☸☸☸☸☸☸☸☸

ബജറ്റ് ഒറ്റനോട്ടത്തിൽ (ഇൻട്രോ)

1.82 ലക്ഷം കോടി രൂപ റവന്യൂ വരവും 2.4 ലക്ഷം കോടി രൂപ ആകെ ചെലവും പ്രതീക്ഷിക്കുന്ന സംസ്ഥാന ബജറ്റ് ധനമന്ത്രി കെ എൻ ബാലഗോപാൽ ഇന്ന് നിയമസഭയിൽ അവതരിപ്പിച്ചു. effective മൂലധന ചെലവ് 30,961.48 കോടി രൂപ.

PNU TVPM

റവന്യൂ കമ്മി 34,587 കോടി രൂപ. ധനക്കമ്മി 55,420 കോടി രൂപ. റവന്യൂ വരുമാനത്തിൽ 45,889.49 കോടി രൂപയുടെ വർദ്ധനവും പ്രതീക്ഷിക്കുന്നു. തനത് നികുതി വരുമാനത്തിൽ പതിനായിരത്തി 271.51 കോടി രൂപയുടെയും നികുതിയേതര വരുമാനത്തിൽ ആയിരത്തി 595.05 കോടി രൂപയുടെയും വർദ്ധനവ് ലക്ഷ്യമിടുന്നു. നിരവധി ക്ഷേമ പദ്ധതികൾ ബജറ്റിൽ ഇടം നേടിയിട്ടുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.....

(ഹോൾഡ് - വോയിസ്)

❁❁❁❁❁❁❁❁❁❁❁❁

ബജറ്റ് ഹൈലൈറ്റ്സ് -1

സംസ്ഥാന ബജറ്റിലെ പ്രധാന പ്രഖ്യാപനങ്ങൾ ഇനി പറയുന്നു. അങ്കണവാടി വർക്കർമാരുടെയും ആശ പ്രവർത്തകരുടേയും പ്രീ-പ്രൈമറി അധ്യാപകരുടെയും സാക്ഷരതാ പ്രേരക് മാരുടെയും പ്രതിമാസ വേതനം ആയിരം രൂപ ഉയർത്തി. അങ്കണവാടി ഹെൽപ്പർമാരുടെ പ്രതിമാസ വേതനം 500 രൂപ ഉയർത്തി. സ്കൂൾ പാചക തൊഴിലാളികളുടെ പ്രതിദിന വേതനത്തിൽ 25 രൂപ വർധിപ്പിച്ചു. കരാർ/ദിവസവേതന ജീവനക്കാരുടെ പ്രതിദന വേതനത്തിൽ 5 ശതമാനം വർധനവ് വരുത്തി. പത്രപ്രവർത്തക പെൻഷൻ പ്രതിമാസം 1,500 രൂപ വർധിപ്പിച്ചു

RNU TVPM

❁❁❁❁❁❁❁❁❁❁❁❁

ബജറ്റ് ഹൈലൈറ്റ്സ് -2 (ഇൻട്രോ)

ലൈബ്രേറിയൻമാരുടെ പ്രതിമാസ അലവൻസും കാൻസർ, ലെപ്രസി, എയ്ഡ്സ്, ക്ഷയ രോഗബാധിതരുടെ പ്രതിമാസ പെൻഷനും ആയിരം രൂപ വർധിപ്പിച്ചു. പന്ത്രണ്ടാം ശമ്പളക്കമ്മീഷൻ പ്രഖ്യാപിച്ചു. 3 മാസത്തിനകം റിപ്പോർട്ട് വാങ്ങി സമയബന്ധിതമായി നടപ്പാക്കും. സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും അവശേഷിക്കുന്ന DA, DR കുടിശ്ശിക പൂർണ്ണമായും നൽകും. ഒരു ഗഡു ഡി.എ ഫെബ്രുവരി മാസത്തെ

ശമ്പളത്തോടൊപ്പം അവശേഷിക്കുന്ന ഡി.എ, ഡി.ആർ ഗഡുക്കൾ മാർച്ച് മാസത്തെ ശമ്പളത്തോടൊപ്പം നൽകുമെന്നും ധനമന്ത്രി പറഞ്ഞു.

(ഹോൾഡ് - വോയിസ് - ധനമന്ത്രി )

❁❁❁❁❁❁❁❁❁❁❁❁

ബജറ്റ് ഹൈലൈറ്റ്സ് -3

സർക്കാർ ജീവനക്കാരുടെ ഭവന വായ്പ്പാ പദ്ധതി പുനഃസ്ഥാപിക്കും. പങ്കാളിത്ത പെൻഷൻ പദ്ധതിയ്ക്ക് പകരം അഷ്വേർഡ് പെൻഷൻ പദ്ധതി ഏപ്രിൽ 1 മുതൽ നടപ്പാക്കും. അഷ്വേർഡ് പെൻഷനിൽ അടിസ്ഥാന ശമ്പളത്തിൻറെ 50 ശതമാനം തുക പരമാവധി പെൻഷൻ ഉറപ്പാക്കും. നിലവിലെ NPS-ൽ നിന്നും അഷ്വേർഡ് പെൻഷനിലേക്ക് മാറാൻ അവസരം ഉണ്ടാകും.

❁❁❁❁❁❁❁❁❁❁❁❁

ബജറ്റ് ഹൈലൈറ്റ്സ് -4

മുൻ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ്റെ സ്മരണ നിലനിർത്താൻ തിരുവനന്തപുരത്ത് വി.എസ് സെൻ്റർ സ്ഥാപിക്കുന്നതിന് 20 കോടിയും, കട്ടപ്പന – തേനി തുരങ്കപാതയുടെ സാധ്യതാ പഠനത്തിന് 10 കോടിയും സാമൂഹിക പരിഷ്കർത്താവായിരുന്ന ശൈഖ് സൈനുദീൻ മഖ്ദൂം രണ്ടാമൻറെ പേരിൽ പൊന്നാനിയിൽ ചരിത്ര ഗവേഷണ സെൻറർ സ്ഥാപിക്കാൻ 3 കോടിയും അനുവദിച്ചു. അയ്യങ്കാളി പഠന കേന്ദ്രത്തിന് 1.5 കോടി, കാവാരികുളം കണ്ടൻ കുമാരൻ പഠന കേന്ദ്രത്തിന് 1.5 കോടി , എന്നിവയും ബജറ്റിൽ പ്രഖ്യാപിച്ചു. കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ പ്രചാരണവും വിതരണവും ലക്ഷ്യമിട്ട് മാർക്കറ്റിംഗ് വിതരണ ശൃംഖലയ്ക്ക് 22.27 കോടിയും പ്രഖ്യാപിച്ചു.

❁❁❁❁❁❁❁❁❁❁❁❁

ബജറ്റ് ഹൈലൈറ്റ്സ് -5

റോഡപകടത്തിൽപ്പെടുന്നവർക്കായി ലൈഫ് സേവർ പദ്ധതിയും തിരുവനന്തപുരം-അങ്കമാലി എം.സി റോഡ് വികസനത്തിന് 5,217 കോടി രൂപയുടെ കിഫ്ബി പദ്ധതിയും നടപ്പാക്കും. തിരുവനന്തപുരം –

RNU TVPM

കാസർഗോഡ് റീജിയണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം പദ്ധതി പ്രാരംഭ പ്രവർത്തനങ്ങൾക്കായി നൂറ് കോടി അനുവദിച്ചു.

❁❁❁❁❁❁❁❁❁❁❁❁

ബജറ്റ് ഹൈലൈറ്റ്സ് -6

കാർഷിക, അനുബന്ധ മേഖലയ്ക്ക് 2071.95 കോടിയും മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതിയ്ക്ക് 3,720 കോടിയും മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് സ്കോളർഷിപ്പ് പദ്ധതിയ്ക്ക് 400 കോടിയും ക്ഷേമപെൻഷൻ നൽകുന്നതിനായി 14,500 കോടിയും ബജറ്റിൽ പ്രഖ്യാപിച്ചു. കേരളത്തിലെ എല്ലാ പൗരന്മാർക്കും നേറ്റിവിറ്റി കാർഡ് നൽകുന്ന പദ്ധതിയ്ക്ക് 20 കോടി അനുവദിച്ചു. പഞ്ചായത്ത് മെമ്പർമാർ, കൗൺസിലർമാർ എന്നിവരുടെ ഓണറേറിയം വർധിപ്പിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻജനപ്രതിനിധികളുടെ ക്ഷേമത്തിനായി ക്ഷേമനിധി രൂപീകരിക്കും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁

ബജറ്റ് ഹൈലൈറ്റ്സ് -7

വിഴിഞ്ഞം തുറമുഖത്തുനിന്നും ചവറയെയും കൊച്ചിയെയും ബന്ധിപ്പിക്കുന്ന റെയർ എർത്ത് കോറിഡോർ ചവറയിൽ സ്ഥാപിക്കും. ഇതിലൂടെ 42,000 കോടി രൂപയുടെ നിക്ഷേപങ്ങളും 50,000 കോടിയുടെ തൊഴിലവസരങ്ങളും സൃഷ്ടിക്കും. പി.പി.പി മാതൃകയിൽ കൊച്ചി ഇൻഫോ പാർക്കിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസും മറ്റ് സാങ്കേതികവിദ്യകളും ചേർന്ന സൈബർ വാലിയ്ക്ക് 30 കോടി അനുവദിച്ചു. വർക്ക് നിയർ ഹോം വ്യാപിപ്പിക്കുന്നതിന് 150 കോടിയും ഗോത്ര മേഖലകളിലെ ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനായി സ്പെഷ്യൽ എൻ റിച്ച്മെൻറ് പദ്ധതിയ്ക്ക് 60 കോടിയും ഗിഗ് തൊഴിലാളികൾക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ ഗിഗ് ഹബിന് 20 കോടിയും അനുവദിച്ചു.

❁❁❁❁❁❁❁❁❁❁❁❁

ബജറ്റ് ഹൈലൈറ്റ്സ് -8

പെട്രോൾ, ഡീസൽ ഓട്ടോറിക്ഷകൾ പൊളിച്ച് ഇലക്ട്രിക് ഓട്ടോകൾ വാങ്ങുന്നവർക്ക് ഒറ്റത്തവണ സ്ക്രാപ്പേജ് ബോണസ് 40,000 രൂപ നൽകും. തൊഴിലുറപ്പ് പദ്ധതിയ്ക്കായി മുൻവർഷത്തിൽ നിന്നും അധികമായി

ആയിരം കോടി അനുവദിക്കും. വീടുകളിൽ ഒറ്റപ്പെട്ടുപോകുന്ന മുതിർന്ന വ്യക്തികൾക്ക് ഓൺ കോൾ വോളൻറിയർമാരുടെ സേവനം ലഭ്യമാക്കും. ഇതിനായി 10 കോടി വകയിരുത്തി. അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് 20 ലക്ഷമായി ഉയർത്തും.

1 മുതൽ 12-ാം ക്ലാസ്സ് വരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് അപകട ലൈഫ് ഇൻഷുറൻസ് പദ്ധതിയ്ക്ക് 15 കോടി നീക്കിവച്ചു.

❁❁❁❁❁❁❁❁❁❁❁❁

ബജറ്റ് ഹൈലൈറ്റ്സ് -9

കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപുലമായ പ്രചാരവും വിതരണവും ലക്ഷ്യമിട്ടുള്ള മാർക്കറ്റിംഗ് വിതരണ ശൃംഖലയ്ക്ക് 22.27 കോടി. സെൻറർ ഫോർ ഡെവലപ്മെൻറ് സ്റ്റഡീസിനെ രാജ്യത്തെ മുൻനിര മികവിൻറെ കേന്ദ്രമാക്കി മാറ്റുന്നതിന് 10 കോടിയും, കേരള കലാകേന്ദ്രം സ്ഥിരം വേദികൾ സ്ഥാപിക്കാൻ 10 കോടിയും അനുവദിച്ചു.

❁❁❁❁❁❁❁❁❁❁❁❁

വീണാ ജോർജ് -- ബജറ്റ് (ഇൻട്രോ ),

ആരോഗ്യ മേഖലയുടെ വളർച്ചയ്ക്ക് സഹായിക്കുന്നതാണ് ഇത്തവണത്തെ സംസ്ഥാന ബജറ്റെന്ന് മന്ത്രി വീണാ ജോർജ്. വൈദ്യശുശ്രൂഷ, പൊതുജനാരോഗ്യം എന്നീ മേഖലകൾക്കുള്ള പദ്ധതി വിഹിതം ഗണ്യമായി വർദ്ധിപ്പിച്ച് 2,500.31 കോടി രൂപ വകയിരുത്തി. മെഡിക്കൽ കോളേജുകൾക്കായി 259.93 കോടി രൂപ നീക്കിവച്ചു. ആരോഗ്യ മേഖലയിൽ നടന്നു വരുന്ന തുടർ വികസന പ്രവർത്തനങ്ങൾക്കും പുതിയ വികസന പ്രവർത്തനങ്ങൾക്കും ഇത് ഏറെ സഹായിക്കുമെന്നും മന്ത്രി പറഞ്ഞു. വിശദാംശങ്ങളിലേയ്ക്ക്.....

(വോയിസ് ),

റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ആദ്യത്തെ 5 ദിവസം പണരഹിത ചികിത്സ നൽകുന്ന പദ്ധതിയ്ക്കായി 15 കോടി രൂപ വകയിരുത്തി. പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്ത സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിലും ഈ സൗകര്യമുണ്ടാകും. കേരളത്തിലെ വയോധികർക്കിട

RNU TVPM

യിൽ ബിപിഎൽ കുടുംബങ്ങളിലെ 60 വയസ്സും അതിൽ കൂടുതലും പ്രായമായ വ്യക്തികൾക്ക് സഹായകരമാകുന്ന ന്യൂമോകോക്കൽ വാക്സിനേഷൻ പരിപാടിയ്ക്കായി 50 കോടി രൂപ വകയിരുത്തി. ഡയാലിസിസ് സൗകര്യമില്ലാത്ത എല്ലാ താലൂക്ക് തല ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 14.20 കോടി രൂപ വകയിരുത്തി. ഇതോടെ താലൂക്ക് തലം വരെയുള്ള എല്ലാ ആശുപത്രികളിലും ഡയാലിസിസ് സൗകര്യമുള്ള ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറും. കാൻസർ രോഗനിർണയത്തിനും ചികിത്സയ്ക്കുമായി ആകെ 203 കോടി രൂപ നീക്കിവച്ചു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്കായി 900 കോടി രൂപ നീക്കിവച്ചു.തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സർജിക്കൽ റോബോട്ട് സ്ഥാപിക്കുന്നതിന് 12 കോടി രൂപയും ,ആർദ്രം മിഷൻ രണ്ടാം ഘട്ടം സുസ്ഥിരമാക്കുന്നതിനായി 70.92 കോടി രൂപയും, മെഡിക്കൽ കോളേജ് ആശുപത്രികളിലെ ആശുപത്രി മാലിന്യ സംസ്കരണത്തിനായി 22 കോടി രൂപയും വകയിരുത്തി.
ന്യൂസ് ഡെസ്ക് ആകാശവാണി

☸☸☸☸☸☸☸☸☸☸☸☸

**ഷൈജുമോൻ - ഇൻട്രോ**

RNU TVPM

സംസ്ഥാന ബജറ്റിൽ ജനക്ഷേമം മുൻനിർത്തിയുള്ള പ്രഖ്യാപനങ്ങൾ ധാരാളമുണ്ടെങ്കിലും അവയുടെ പ്രായോഗികത പരിശോധിക്കേണ്ടതുണ്ടെന്ന് സാമ്പത്തിക വിദഗ്ദ്ധനും തിരുവനന്തപുരം IIST യിലെ അസോസിയേറ്റ് പ്രൊഫസറുമായ ഡോ. ഷൈജുമോൻ സി എസ്സ് ആകാശവാണി വാർത്തകളോട് പറഞ്ഞു.
(വോയിസ് - ഡോ. ഷൈജുമോൻ)

☸☸☸☸☸☸☸☸☸☸☸☸

**പ്രതികരണം - ഇൻട്രോ**

സംസ്ഥാന ബജറ്റിൽ സമ്മിശ്ര പ്രതികരണം. ആധുനിക വികസിത സംസ്ഥാനമായി കേരളത്തെ മാറ്റാനുള്ള ജനകീയ ബജറ്റെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ജനങ്ങളെ കബളിപ്പിക്കുന്ന പ്രഖ്യാപനങ്ങളാണ് ബജറ്റിലെന്ന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ. വെറും വാഗ്ദാനങ്ങൾ

മാത്രമാണ് ബജറ്റിലെന്ന് ബി ജെ പി നേതാവ് കെ സുരേന്ദ്രൻ.
ഒരു റിപ്പോർട്ട്..

(ഹോൾഡ്)

സംസ്ഥാനത്തിൻറെ സമഗ്ര വികസനത്തിനും സർവ്വ മേഖലയിലെ ജനങ്ങളുടെ ക്ഷേമത്തിനും പരിഗണന നൽകുന്ന ജനകീയ ബജറ്റാണ് ധനമന്ത്രി അവതരിപ്പിച്ചതെന്ന് മുഖ്യമന്ത്രി പ്രതികരിച്ചു. ബജറ്റ് നിർദ്ദേശങ്ങൾ കൂടി വേഗത്തിൽ നടപ്പിലാക്കുന്നതോടെ സമഗ്രപുരോഗതി സംസ്ഥാനത്ത് സാധ്യമാകും. ഒരിക്കലും സാധ്യമല്ലെന്നു കരുതിയ പദ്ധതികൾ പലതും കഴിഞ്ഞ പത്തുവർഷത്തിൽ യാഥാർത്ഥ്യമായതായും മുഖ്യമന്ത്രി പറഞ്ഞു. ധനമന്ത്രി അവതരിപ്പിച്ച ബജറ്റ് മുഴുവൻ കാപട്യം കൊണ്ട് നിറച്ചതാണെന്നും ഇത് കേരളത്തിൽ നടപ്പാകാൻ പോകുന്നില്ലെന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പ്രതികരിച്ചു. അനാവശ്യമായ രാഷ്ട്രീയം കലർത്തി ബജറ്റിൻറെ പവിത്രത നഷ്ടപ്പെടുത്തിയതായും അദ്ദേഹം ആരോപിച്ചു. നിയമസഭ തിരഞ്ഞെടുപ്പ് മാത്രം മുന്നിൽ കണ്ടുള്ള ബജറ്റാണ് ധനമന്ത്രി അവതരിപ്പിച്ചതെന്ന് ബിജെപി നേതാവ് കെ സുരേന്ദ്രൻ പ്രതികരിച്ചു. സർക്കാരിൻറെ ഭരണ പരാജയത്തെ മറക്കാനാണ് ഈ ബഡ്ജറ്റെന്നും ഇതിന് യാതൊരു പ്രസക്തിയുമില്ലെന്ന് മുസ്ലീം ലീഗ് നേതാവ് പി കെ കുഞ്ഞാലിക്കുട്ടി പ്രതികരിച്ചു. ബഡ്ജറ്റിൽ ശമ്പളപരിഷ്ക്കരണ കമ്മീഷനെ നിയമിച്ചതും ക്ഷാമബത്ത കുടിശിക പൂർണ്ണമായും അനുവദിച്ചതും പങ്കാളിത്ത പെൻഷൻ പദ്ധതിക്ക് പകരം അഷ്വേർഡ് പെൻഷൻ പ്രഖ്യാപിച്ചതും ഇടതു സർക്കാരിൻറെ ജീവനക്കാരോടുള്ള കരുതലാണെണ് ജോയിൻറ് കൗൺസിൽ സംസ്ഥാന സെക്രട്ടേറിയറ്റ് പ്രസ്താവനയിൽ പറഞ്ഞു. സംസ്ഥാന ബജറ്റ് വ്യാപാരികളെ സംബന്ധിച്ചു സ്വാഗതാർഹമാണെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി അറിയിച്ചു.
ന്യൂസ് ഡെസ്ക്, ആകാശവാണി.

☸☸☸☸☸☸☸☸☸☸☸☸

**ലോക കേരളസഭ**

ലോകത്തിൻറെ പല കോണിലും ഒട്ടേറെ വിദഗ്ധരായ മലയാളികൾ ഉണ്ടെന്നും അത്തരം പ്രതിഭകൾ എപ്പോഴും നാടിനെ കുറിച്ച് ചിന്തിക്കുന്നവരാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. അവർക്ക് കേരളത്തെ പുരോഗതിയിലേക്ക് നയിക്കാൻ വിദഗ്ധ നിർദ്ദേശങ്ങൾ നൽകാ നുള്ള വേദിയാണ് ലോക കേരള

RNU TVPM

സഭയെന്നും മുഖ്യമന്ത്രി പറഞ്ഞു. ലോക കേരളസഭയുടെ അഞ്ചാം സമ്മേളനം തിരുവനന്തപുരത്ത് നിശാഗന്ധിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. സ്പീക്കർ എ എൻ ഷംസീർ അധ്യക്ഷത വഹിച്ചു. നാളെയും മറ്റന്നാളുമായി ലോക കേരളസഭാ സമ്മേളനം നിയമസഭാ മന്ദിരത്തിലെ ആർ ശങ്കരനാരായണൻ തമ്പി ഹാളിൽ നടക്കും. 128 രാജ്യങ്ങളിൽ നിന്നും 28 സംസ്ഥാനങ്ങളിൽ നിന്നുമായി 500 ലധികം പ്രവാസി പ്രതിനിധികൾ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁

**സന്തോഷ് ട്രോഫി**

സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരളം ക്വാർട്ടർ ഫൈനലിൽ . ഗ്രൂപ്പ് ബി - യിൽ ഇന്ന് നടന്ന കളിയിൽ മേഘാലയയെ എതിരില്ലാത്ത മൂന്ന് ഗോളിന് പരാജയപ്പെടുത്തിയതോടെയാണ് കേരളം ക്വാർട്ടറിൽ പ്രവേശിച്ചത്. ആദ്യപകുതിയിൽ അർജുനും രണ്ടാം പകുതിയിൽ റിയാസും അജ്സലും കേരളത്തിനുവേണ്ടി ഓരോ ഗോൾ നേടി.

❁❁❁❁❁❁❁❁❁❁❁❁

**ടി- ട്വന്റി**

ഇന്ത്യ-ന്യൂസിലാൻറ് ടി–ട്വൻറി ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തേയും അവസാനത്തേയും മത്സരം ശനിയാഴ്ച കാര്യവട്ടം ഗ്രീൻഫിൽഡ് സ്റ്റേഡിയത്തിൽ. മൽസരത്തിനായി ഇരു ടീമുകളും തിരുവനന്തപുരത്തെത്തി.

❁❁❁❁❁❁❁❁❁❁❁❁

**സ്വർണവില**

കേരളത്തിൽ സ്വർണവിലയിൽ വൻ വർദ്ധന. പവൻ വില 8,640 രൂപ കൂടി ഒരു ലക്ഷത്തി 31,160 രൂപയായി. ഗ്രാമിന് ആയിരത്തി 80 രൂപ വർധിച്ച് 16,395 രൂപയിലെത്തി.

❁❁❁❁❁❁❁❁❁❁❁❁

**റിമാൻഡ്**

RNUTVPM

ശബരിമല സ്വർണ അപഹരണ കേസിൽ പ്രതിയായ ദേവസ്വം ബോർഡ് മുൻ അംഗം കെ. പി. ശങ്കരദാസിനെ കൊല്ലം വിജിലൻസ് കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. അതേസമയം, മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എസ്. ശ്രീകുമാറിന് കൊല്ലം വിജിലൻസ് കോടതി ജാമ്യം അനുവദിച്ചു.

☸☸☸☸☸☸☸☸☸☸☸☸

**നിതിൻ ഗഡ്കരി,**

കൊല്ലം ലോക്സഭ മണ്ഡലത്തിൽ ഉൾപ്പടുന്ന ദേശീയപാത 744 ന്റെ വികസനം മൂന്ന് പാക്കേജുകളായി കോറിഡോർ അടിസ്ഥാനമാക്കി നടപ്പാക്കുമെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി. ദേശീയപാത 744 ന്റെ വികസനം സമയബന്ധിതമായി പൂർത്തിയാക്കണമെന്നും വികസനത്തിനായി വിജ്ഞാപനം ചെയ്ത് ഏറ്റെടുത്ത ഭൂമിയുടെ ഉടമകൾക്ക് അടിയന്തിരമായി നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ട് എൻ.കെ. പ്രേമചന്ദ്രൻ എം.പി ലോക്സഭയിൽ ഉന്നയിച്ച ചോദ്യത്തിന് മറുപടി നൽകുകയായിരുന്നു മന്ത്രി.

☸☸☸☸☸☸☸☸☸☸☸☸

**തിരഞ്ഞെടുപ്പ് നിരീക്ഷകർ**

RNUTVPM

നിയമസഭ തിരഞ്ഞെടുപ്പ് കണക്കിലെടുത്ത് കേരളം ഉൾപ്പടെ അഞ്ച് സംസ്ഥാനങ്ങളിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നിരീക്ഷകരെ നിയമിച്ചു. പശ്ചിമ ബംഗാളിൽ നിന്നുള്ള 25 മുതിർന്ന ഉദ്യോഗസ്ഥരുടെ പേരുകൾ ഇതിനായുള്ള പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതെസമയം, കേരളത്തിൽ എസ് ഐ ആറുമായി ബന്ധപ്പെട്ട കരട് വോട്ടർ പട്ടികയിൻ മേലുള്ള പരാതികൾ സമർപ്പിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും.

☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸

☸☸☸☸☸